(എഫ്) കോൺഗ്രസ്സ് പ്രസിഡൻറ് ശ്രീമതി ഇന്ദിരാഗാന്ധി തിരുവനന്തപുരത്തു് വന്നിരുന്നപ്പോൾ കവഡിയാർ വാർഡ് കോൺഗ്രസ്സ് കമ്മിറ്റി ഉൽഘാടനം നടത്തിയപ്പോൾ ഇവരുടെ വില്പടിച്ചാൻ പാട്ടു് അവിടെ നടത്തുകയുണ്ടായോ ;

(ജി) അതിനുശേഷം എവിടെയെല്ലാം നടത്തിയിട്ടുണ്ടു് ;

(എച്ച്) ഈ കലാസംഘത്തെ പിരിച്ചുവിടുവാൻ ഗവണ്മെൻറ്തീരുമാനിച്ചിട്ടുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ കാരണമെന്തു് ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) നടത്തിവന്നിരുന്നു.

(ബി) 15-8-1958 മുതൽ.

(സി) രണ്ടു മണിക്കൂർ പരിപാടിക്കു് 25 രൂപയും, തുടർന്നുള്ള ഓരോ മണിക്കൂറിനും 10 രൂപയും, ഇതിനുംപുറമേ ദൂര സ്ഥലങ്ങളിൽ പോകുമ്പോൾ ടാൻസ്പോർട്ട് ചാർജ്ജും, ഡെയിലി അലവൻസും വസൂൽചെയ്തുകൊണ്ടിരുന്നു.

(ഡി) 50 സ്ഥലത്തു്.

(ഇ) ഒരു സ്റ്റോറുമെൻറ് † മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(എഫ്) നടത്തുക ഉണ്ടായിട്ടുണ്ടു്. എന്നാൽ കോൺഗ്രസ്സ് പ്രസിഡൻറ് ആ യോഗത്തിൽ സംബന്ധിച്ചിരുന്നില്ല.

(ജി) പോലീസ് ക്യാമ്പിനുവെളിയിൽ എവിടേയും നടത്തിയിട്ടില്ല.

(എച്ച്) ഇല്ല.

(ഐ) ഉദിക്കുന്നില്ല.

എറണാകുളം മുനിസിപ്പാലിറ്റിയിലെ തെരഞ്ഞെടുപ്പു്.

* 1782. [27] ശ്രീ. കെ. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം മുനിസിപ്പാലിറ്റിയിലെ ഏതാനും കൗൺസിലർമാർ രാജിവച്ചതിനെത്തുടർന്നുണ്ടായിട്ടുള്ള ഒഴിവുകളിലേക്കു് തെരഞ്ഞെടുപ്പു് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാലതാമസം വരുത്തുന്നതു് എന്തുകൊണ്ടാണു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

വെയിറ്റിംഗ് ഷെഡ്കൾ.

* 1783. [30] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിനു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യാത്രക്കാരുടെ സൗകര്യത്തെ പരിഗണിച്ചു് എത്ര വെയിറ്റിംഗ് ഷെഡ്കൾ കെട്ടുന്നതിനു് ഈ സാമ്പത്തിക വർഷത്തിൽ നിശ്ചയിച്ചിട്ടുണ്ടു് ; അതോടനുബന്ധിച്ചു് മലമൂത്രവിസർജ്ജനത്തിനു് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുമോ ?

† Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly